പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

15.7.2014-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :7760

## വനവിഭവങ്ങൾ ശേഖരിക്കാൻ പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. വി. വിൻസെന്റ്<br>,, ജോസഫ് വാഴക്കൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, പാലോട് രവി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുവാൻ ആദിവാസികൾക്ക് പരിശീലനം നൽകുമോ ; | എ) ചെറുകിട വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും മൂല്യ വർദ്ധനവ് നടത്തുന്നതിനുമായി വന സംരക്ഷണ സമിതി അംഗങ്ങൾക്ക് വനം സർക്കിൾ തലത്തിൽ കീ സ്റ്റോൺ ഫൗണ്ടേഷൻ, ഔഷധി മുതലായ സ്ഥാപനങ്ങളുടെ.സഹായത്തോടു കൂടി പരിശീലനം നൽകുന്നുണ്ട്. ഏകദേശം 500 ഓളം വന സംരക്ഷണ സമിതി അംഗങ്ങൾക്ക് ഇതിനോടകം പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതൊരു തുടർ പരിപാടിയാണ്. |
| ബി) വനവിഭവങ്ങൾക്ക് ന്യായ വില ലഭിക്കുവാൻ വനം വകുപ്പു സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | ബി) വന സംരക്ഷണ സമിതികൾ, ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി തയ്യാറാക്കുന്ന ഗുണമേൻമയുള്ള 'വിഭവങ്ങൾക്ക് 'വനശ്രീ' എന്ന ബ്രാൻഡ് നൽകി വിറ്റഴിക്കുന്നതിന് 35 ഇക്കോഷോപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഓണം. റംസാൻ, ക്രിസ്മസ് മേളകൾ, പ്രദർശനങ്ങൾ എന്നിവയോടനുബന്ധിച്ച് വനശ്രീ സ്റ്റാളുകൾ തുറന്ന് വനവിഭവങ്ങൾ വിപണനം നടത്തുന്നുണ്ട്. കൂടാതെ വന വിഭവങ്ങൾ ജനങ്ങൾക്ക് നേരിട്ട് എത്തിയ്ക്കുക, കൂടുതൽ വിപണി കണ്ടെത്തുക എന്നീ ലക്ഷ്യങ്ങളോടെ തിരുവനന്തപുരം/മലയാറ്റൂർ എന്നീ വന വികാസ ഏജൻസിളുടെ മേൽ നോട്ടത്തിൽ |

രണ്ട് മൊബൈൽ വനശ്രീ യൂണിറ്റുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

| | |
|---|---|
| സി) വനവിഭവങ്ങൾ ഏതൊക്കെ സംവിധാനങ്ങളിലൂടെയാണ് വനംവകുപ്പ് സംഭരിക്കുന്നത് ? | സി) വനാവകാശ നിയമം 2006 പ്രകാരം വന വിഭവ ശേഖരണവും, വിപണനവും ആദിവാസികൾ ഉൾപ്പെടെയുള്ള പരമ്പരാഗത വനവാസികളുടെ സാമൂഹിക അവകാശമാണ്. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികവർഗ സേവന സഹകരണ സംഘങ്ങൾക്ക് വന വിഭവങ്ങൾ ശേഖരിക്കുന്നതിന് വനം റെയിഞ്ചുകൾ ഓരോ വർഷവും അനുവദിച്ച വരുന്നുണ്ട്. സംസ്ഥാനത്ത് വനാവകാശ നിയമം 2006 പ്രകാരമുള്ള സാമൂഹിക അവകാശങ്ങൾ കൽപ്പിച്ച നൽകുന്ന നടപടികൾ പൂർത്തിയാകുന്ന തീയതിവരെയോ അല്ലെങ്കിൽ അതാത് സാമ്പത്തിക വർഷാവസാനംവരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെയാണ് നിലവിൽ പട്ടികവർഗ സേവന സഹകരണ സംഘങ്ങൾക്ക് വന വിഭവശേഖരണത്തിന് വനം റെയിഞ്ചുകൾ അനുവദിച്ച് നൽകി വരുന്നത്. പട്ടിക വർഗ സേവന സഹകരണ സംഘങ്ങൾ വഴി ശേഖരിക്കുന്ന വന വിഭവങ്ങൾ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന്റെ മേൽനോട്ടത്തിലാണ് വിപണനം നടത്തുന്നത്. ഇതുകൂടാതെ വന സംരക്ഷണ സമിതികൾ/ ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയിലെ അംഗങ്ങളായ ആദിവാസികളും മറ്റ് പരമ്പരാഗത വനവാസികളും വഴി വന വിഭവങ്ങളുടെ ശേഖരണവും, സംഭരണവും നടത്തുന്നുണ്ട്. ഇങ്ങനെ ശേഖരിക്കുന്ന വന വിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തി വനശ്രീ ഇക്കോ ഷോപ്പുകൾ വഴി വിപണനം നടത്തുന്നു. |

സെക്ഷൻ ഓഫീസർ